## ഗൃഹശ്രീ ഭവന പദ്ധതി

149 (484) ശ്രീ. സി. പി. മുഹമ്മദ് :
ശ്രീ. എ. റ്റി. ജോർജ് :
ശ്രീ. സണ്ണി ജോസഫ് :
ശ്രീ. ജോസഫ് വാഴക്കൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ദാരിദ്ര്യരേഖയ്ക്കു താഴെയുള്ള വരുമാനക്കാരെ ഉദ്ദേശിച്ച് നടപ്പിലാക്കുന്ന ഗൃഹശ്രീ ഭവനപദ്ധതിയിൽ അനുവദിക്കുന്ന വീടുകളുടെ നിർമ്മാണം നടത്താൻ ആരെയാണ് ഏല്പിക്കുന്നത് ;

(ബി) തിരിച്ചടവ് ഇല്ലാത്ത ഈ പദ്ധതിയിൽ ഏതെല്ലാം സർക്കാർ ഇതര സംഘടനകളാണ് ധനസഹായം വാഗ്ദാനം ചെയ്തിട്ടുള്ളത് ;

(സി) ഇതിൽ സർക്കാർ സബ്സിഡി എത്രയാണ് ;

(ഡി) ഈ പദ്ധതിയനുസരിച്ച് നിർമ്മിക്കുന്ന വീടുകൾ എത്രവർഷത്തേക്കാണ് കൈമാറ്റം ചെയ്യുകയോ വിൽക്കുകയോ ചെയ്യാൻ പാടില്ലെന്ന വ്യവസ്ഥ ഉൾക്കൊള്ളിച്ചിട്ടുള്ളത് ?

### ഉത്തരം

(എ) ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള വരുമാനക്കാരെ ഉദ്ദേശിച്ച് നടപ്പിലാക്കുന്ന ഗൃഹശ്രീ ഭവനപദ്ധതിയിൽ അനുവദിക്കുന്ന വീടുകളുടെ നിർമ്മാണം നടത്താൻ ആരെയും ചുമതലപ്പെടുത്തിയിട്ടില്ല. ഗുണഭോക്താവ് തന്നെയാണ് വീടുകളുടെ നിർമ്മാണം നടത്തുന്നത്.

(ബി) 31-5-2014 വരെ 477 സർക്കാർ ഇതര സംഘടനകളാണ് ധനസഹായം വാഗ്ദാനം ചെയ്തിട്ടുള്ളത്.

(സി) 2 ലക്ഷം രൂപയാണ് ഗൃഹശ്രീ ഭവന പദ്ധതിയിൽ സർക്കാർ സബ്സിഡിയായി നൽകുന്നത്.

(ഡി) ഈ പദ്ധതിയനുസരിച്ച് നിർമ്മിക്കുന്ന വീടുകൾ 15 വർഷത്തേക്കാണ് കൈമാറ്റം ചെയ്യുകയോ വിൽക്കുകയോ ചെയ്യാൻ പാടില്ലെന്ന് നിഷ്കർഷിച്ചിട്ടുള്ളത്

## പൊതുമരാമത്ത് വകുപ്പിനുള്ള ബഡ്ജറ്റ് വിഹിതം

150 (485) ശ്രീ. വി. ശിവൻകുട്ടി : താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ഈ സർക്കാർ അധികാരമേറ്റതിനുശേഷം പൊതുമരാമത്തു വകുപ്പിന് മരാമത്തുപ്രവൃത്തികൾ നിർവ്വഹിക്കുന്നതിനായി ധനകാര്യവകുപ്പ് നാളിതുവരെ എത്ര തുക അനുവദിച്ചുനൽകി എന്നുള്ളതിന്റെ വിശദാംശങ്ങൾ നിയമസഭാമേശപ്പുറത്ത്... 

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

ഈ സർക്കാർ അധികാരമേറ്റതിനുശേഷം പൊതുമരാമത്ത് വകുപ്പിന് മരാമത്ത് പ്രവൃത്തികൾ നിർവഹിക്കുന്നതിനായി ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള ആകെ വിഹിതവും ചെലവും സംബന്ധിച്ചുള്ള വിവരം താഴെ കാണും പ്രകാരമാണ്.

| വർഷം | ബഡ്ജറ്റ് വിഹിതം | ചെലവ് തുക കോടിയിൽ |
|---|---|---|
| 2011-12 | 2649.10 | 2785.26 |
| 2012-13 | 4052.97 | 3691.22 |
| 2013-14 | 2856.97 | 3022.88 |
| 2014-15 | 3170.37 | ... |

നിയമസഭാമണ്ഡലം തിരിച്ചുള്ള വിശദാംശങ്ങൾ ലഭ്യമല്ല.

**അവയവദാനത്തിനുള്ള സാമ്പത്തിക സഹായം**

151 (486) ശ്രീ. എ. എ. അസീസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാരുണ്യ ബെനവലന്റ് ഫണ്ടിൽനിന്നും അവയവം മാറ്റിവയ്ക്കുന്നതിന് ദാനം ചെയ്യുന്നവർക്കും സ്വീകരിക്കുന്നവർക്കും നൽകുന്ന ധനസഹായം എത്രയാണ് ;

(ബി) ഏതൊക്കെ അവയവങ്ങൾ മാറ്റിവയ്ക്കുന്നതിനാണ് ധനസഹായം അനുവദിക്കുന്നതെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) വൃക്കമാറ്റിവയ്ക്കുന്ന രോഗികൾക്ക് കാരുണ്യ പദ്ധതിയിൽ നിന്നും 2 ലക്ഷം രൂപ അനുവദിക്കുന്നുണ്ട്. വൃക്കദാതാവിനുകൂടി 1 ലക്ഷം രൂപ അനുവദിക്കുന്ന കാര്യം പരിശോധിച്ചുവരുന്നു.

(ബി) നിലവിൽ വൃക്ക, കരൾ, ഹൃദയം മാറ്റിവയ്ക്കൽ ശസ്ത്രക്രിയകൾക്ക് ധനസഹായം നൽകിവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly